കെ.സി ജലീൽ പുളിക്കൽ

# ചോദ്യങ്ങൾക്കു മുന്നിൽ കാലിടറുമോ?

عَنْ أَبِى برزة الْأَسْلَم رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ : لاَ تَزُولُ قَدَمَا عَبْدٍ يَوْمَ الْقِيَامَةِ حَتَّى يُسْأَلَ عَنْ عُمْرِهِ فِيمَا أَفْنَاهُ وَعَنْ عِلْمِهِ فِيمَا فَعَلَ بِهِ وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَا أَنْفَقَهُ وَعَنْ جِسْمِهِ فِيمَا أَبْلَاهُ (ترمذى).

**അബൂ ബർസത്തുൽ അസ്‌ലമിൽനിന്ന്: നബി (സ) പറഞ്ഞു: "തന്റെ ആയുസ്സ് എന്തിനു വിനിയോഗിച്ചു, തന്റെ വിജ്ഞാനം കൊണ്ട് എന്തു ചെയ്തു, തന്റെ ധനം എവിടെ നിന്ന് സമ്പാദിച്ചു, എന്തിൽ ചെലവഴിച്ചു, തന്റെ ശരീരശേഷി എന്തിൽ വിനി യോഗിച്ചു – ഈ കാര്യങ്ങൾ ചോദിക്കപ്പെടാതെ ഒരടിമയുടെയും കാലടികൾ അന്ത്യനാളിൽ മുന്നോട്ടുനീങ്ങുകയില്ല" (തിർമിദി).**

## ഹദീസ്

സ്രഷ്ടാവും യജമാനനുമായ ദൈവത്തോട് സൃഷ്ടികളും അടിമകളുമായ മനുഷ്യർക്കുള്ള കടമകളും ബാധ്യതകളും എന്തെല്ലാമാണെന്നും, അവ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അന്ത്യനാളിൽ നേരിടേണ്ടിവരുന്ന വിചാരണ എത്ര കടുത്തതായിരിക്കുമെന്നും വ്യക്തമാക്കുന്നതാണ് ഈ നബിവചനം.

കരുണാമയനും ഉദാരനുമായ അല്ലാഹു എന്തു മാത്രം അനുഗ്രഹങ്ങളാണ് മനുഷ്യന് നൽകിയത്! ഏതാനും മാസങ്ങൾകൊണ്ട് ഗർഭാശയത്തിൽ രൂപം പ്രാപിക്കുന്ന മനുഷ്യശിശു ഈ ലോകത്ത് ജീവിക്കാനാവശ്യമായ, ബാഹ്യവും ആന്തരികവുമായ എല്ലാ സജ്ജീകരണങ്ങളോടെയുമാണ് പുറത്തേക്ക് വരുന്നത്.

അടി മുതൽ മുടിവരെ ബാഹ്യവും ആന്തരികവുമായ ചെറുതും വലുതുമായ ഒരോ സംവിധാനവും എന്തുമാത്രം ആസൂത്രണത്തോടെയാണ്! ചെറിയ ന്യൂനതകൾ കൊണ്ടുപോലും ഉണ്ടാകാവുന്ന ദുരിതവും ദുരന്തവും എത്ര അസഹ്യം!

ഭൂമിയിൽ മനുഷ്യന് ജീവിക്കാനാവശ്യമായതെല്ലാം എത്ര ആസൂത്രിതമായാണ് അല്ലാഹു ഒരുക്കിവെച്ചത്! എല്ലാം ഉപയോഗപ്പെടുത്തി ഉയരങ്ങളിൽ വിരാജിക്കാൻ മനുഷ്യന് അവസരവും കഴിവും നൽകി. സർവോപരി ഉത്കൃഷ്ടമായ പ്രാതിനിധ്യപദവി നൽകി ദൈവം മനുഷ്യനെ ആദരിച്ചു.

എല്ലാം നൽകിയ ദൈവം വലിയ ഉത്തരവാദിത്തം മനുഷ്യനെ ഏൽപിച്ചു, 'അമാനത്ത്' എന്നാണ് ഖുർആൻ അതിനെ വിശേഷിപ്പിച്ചത്. ഭൂമിയും അതിലുള്ളതുമെല്ലാം വിശ്വസ്തതയോടെ അല്ലാഹുവിന്റെ നിർദേശത്തിനൊത്ത് ഉപയോഗപ്പെടുത്തുക. വളർത്തണം, തളർത്തരുത്, വികസിപ്പിക്കണം, നശിപ്പിക്കരുത്. സഹസൃഷ്ടികളുടെ അവകാശം നൽകണം, മനുഷ്യർക്ക് സൈ്വര്യവും സമാധാനവും നൽകാൻ അല്ലാഹു നൽകിയ നിയമങ്ങൾ പാലിക്കണം. തദാവശ്യാർഥം അവൻ അയച്ച ദൂതന്മാരുടെ നിർദേശങ്ങൾ വിജയിപ്പിച്ചെടുക്കണം. അധർമം ഇല്ലാതാക്കി ധർമത്തെ സ്ഥാപിക്കാൻ ശാരീരിക, സാമ്പത്തിക, വൈജ്ഞാനിക കഴിവുകളെല്ലാം വിനിയോഗിക്കണം.

ഈ ആവശ്യാർഥം നൽകിയ എല്ലാ വിഭവങ്ങളും സൗകര്യങ്ങളും യഥേഷ്ടം ഉപയോഗിച്ച മനുഷ്യർ ദൈവത്തെ ധിക്കരിക്കുകയും ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുകയുമായിരുന്നു. മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കി. സമ്പത്ത് കൊള്ളയടിച്ചു. ശാസ്ത്രവിജ്ഞാനകഴിവുകൾ മാരകശേഷിയുള്ള ആയുധങ്ങളുണ്ടാക്കാനും ഭൂമിയാകെ വിഷലിപ്തമാക്കാനും തലമുറകളെത്തന്നെ ഉന്മൂലനം ചെയ്യാനും ഉപയോഗിച്ചു.

ഈ ധിക്കാരികളെ കടുത്ത വിചാരണ നടത്തി അർഹമായ ശിക്ഷ അവർക്ക് നൽകേണ്ടതുണ്ട്. അത് നീതിയുടെ തേട്ടമാണ്. ഈ ലോകം അതിന് പര്യാപ്തമല്ല. മരണാനന്തരം അതിന് പറ്റിയ ലോകത്ത് ഒരുമിച്ചുകൂട്ടി നടത്തുന്ന, ആരും ഒഴിഞ്ഞുപോകാത്ത കടുത്ത വിചാരണ. ആ വിചാരണയിൽ ഓരോരുത്തരും അഭിമുഖീകരിക്കേണ്ടിവരുന്ന അടിസ്ഥാന ചോദ്യങ്ങളാണ് ഈ വചനത്തിലുള്ളത്.

തന്നെ ഏൽപ്പിച്ച് ദൗത്യത്തോട് നിഷേധാത്മക നിലപാട് പുലർത്തിയവൻ ഉപരിസൂചിത ചോദ്യങ്ങളെ എത്ര ഭയാനകമായാണ് അഭിമുഖീകരിക്കേണ്ടിവരിക എന്നതാണ് ഇതുവരെ സൂചിപ്പിച്ചത്. എന്നാൽ ആ ദൗത്യം ഏറ്റെടുക്കാൻ സന്നദ്ധരായവർക്കാണല്ലോ മുസ്‌ലിംകൾ എന്നു പറയുന്നത്. അവർ ഈ ഓരോ ചോദ്യത്തെയും എങ്ങനെ അഭിമുഖീകരിക്കും? അന്ത്യപ്രവാചകനിൽനിന്ന് ഈ ഉത്തരവാദിത്തം ഏറ്റെടുത്ത 'ഉമ്മത്ത്' ഈ ചോദ്യങ്ങൾ അതീവ ഗൗരവത്തോടെ പരിഗണിക്കാൻ ബാധ്യസ്ഥരാണ്.

പ്രവാചകന്റെ നേതൃത്വത്തിനു കീഴിൽ അണിനിരന്ന് വിശുദ്ധ ഖുർആനിലെ നിർദേശങ്ങൾ അക്ഷരംപ്രതി നടപ്പിൽ വരുത്തിയ അനുചരന്മാർ, തങ്ങളെ വിശ്വസിച്ചേൽപ്പിച്ച ഈ അമാനത്ത് ശരിയാംവണ്ണം നിർവഹിക്കുക

വഴി പ്രവാചകവചനത്തിലെ നാലു ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ കഴിവ് നേടിയവരാണല്ലോ. ഇന്നത്തെ മുസ്‌ലിം സമൂഹത്തെ അവരുമായി താരതമ്യം ചെയ്താൽ കാര്യം എളുപ്പം മനസ്സിലാകും.

തന്റെ ആയുഷ്കാലം ഏതൊരു ലക്ഷ്യസാക്ഷാത്കാരത്തിൽ സമർപ്പിതമായിരുന്നു എന്നതാണല്ലോ ഒന്നാമത്തെ ചോദ്യം.

വിശുദ്ധ ഖുർആനിലെ നിർദേശങ്ങൾ അങ്ങനെത്തന്നെ പ്രാവർത്തികമാക്കി, ഇസ്‌ലാമിനെ സമ്പൂർണമായി സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആ മാർഗത്തിൽ എല്ലാം സമർപ്പിച്ചവരായിരുന്നു സ്വഹാബിമാർ. 'നൂഹ് മുതൽ എല്ലാ പ്രവാചകന്മാർക്കും അല്ലാഹു നിശ്ചയിച്ചുകൊടുത്ത അതേ ലക്ഷ്യം നിങ്ങൾക്കും നിശ്ചയിച്ചിരിക്കുന്നു. ഇസ്‌ലാമിനെ സ്ഥാപിക്കുക എന്നതാണത്' എന്ന ഖുർആന്റെ (*അശ്ശൂറ: 13*) കൽപന അവർ പ്രാവർത്തികമാക്കുകയായിരുന്നു. 'നിങ്ങൾ നന്മ കൽപിക്കുന്നു, തിന്മ നിരോധിക്കുന്നു' 'നിങ്ങൾ ജനങ്ങൾക്ക് സത്യത്തിന് സാക്ഷികളാവണം' -ഇതെല്ലാം ആ ലക്ഷ്യത്തെ കുറിക്കുന്ന ഖുർആനിക പ്രയോഗങ്ങളാണ്. സ്വഹാബത്ത് അവരുടെ ആയുസ്സും ആരോഗ്യവും ശാരീരിക ബലവും ഊർജ്ജവും എല്ലാം ഈ മാർഗത്തിൽ വിനിയോഗിച്ചു. അവസാന ശ്വാസം വരെ ഇസ്‌ലാമിന്റെ വിജയത്തിന് തന്നെ വിനിയോഗിച്ചു. 'നെറ്റിയിലെ വിയർപ്പോടെ മരിച്ചു' എന്ന് അവർക്ക് പറയാനാവും. എന്നാൽ ഇന്നത്തെ മുസ്‌ലിം സമൂഹമോ? ആചാരാനുഷ്ഠാനങ്ങൾ അല്ലാഹുവിന് സമർപ്പിക്കുന്നു. മറ്റു ജീവിത രംഗങ്ങൾ ചിലർ ഇതര ആദർശങ്ങളുടെ വിജയത്തിന് സമർപ്പിക്കുന്നു. മറ്റു ചിലർ ഭൗതിക സമ്പാദ്യം മാത്രം ലക്ഷ്യം വെക്കുന്നു. എന്നാൽ 'ആർ അല്ലാഹുവിന്റെ ദീൻ വിജയിപ്പിച്ചെടുക്കാൻ ലക്ഷ്യംവെച്ച് അധ്വാനിച്ചുവോ അവർ അല്ലാഹുവിന്റെ മാർഗത്തിലാണ്' എന്നു പ്രവാചകൻ പ്രസ്താവിച്ചിരിക്കെ ഒന്നാമത്തെയും മൂന്നാമത്തെയും ചോദ്യങ്ങൾക്ക് മുമ്പിൽ കാലിടറുകയില്ലേ? ഇസ്‌ലാമിന്റെ ലക്ഷ്യം അംഗീകരിച്ചവർക്കും ആ മാർഗത്തിൽ അധ്വാനിക്കാതിരുന്നാൽ ഈ ചോദ്യത്തിന് മുമ്പിൽ പതറാതെ നിൽക്കാനാകുമോ?

സാമ്പത്തിക രംഗത്തെ സംബന്ധിച്ചാണല്ലോ അടുത്ത ചോദ്യം. വീടും സമ്പാദ്യവുമെല്ലാം ഉപേക്ഷിച്ച് ഹിജ്റ ചെയ്ത മുഹാജിറുകളുടെയോ, അവിഹിത സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിച്ച് ഇസ്‌ലാമിലേക്ക് വന്ന അൻസാറുകളുടെയോ പക്കൽ നിഷിദ്ധമായ ഒരു സമ്പാദ്യവുമുണ്ടായിരുന്നില്ല. നിരന്തരമായി സമരരംഗത്തും അടിമത്തമോചന മടക്കമുള്ള ജനസേവന-ക്ഷേമപ്രവർത്തനങ്ങളിലും ധനം വ്യയം ചെയ്തുകൊണ്ടിരുന്ന സ്വഹാബികൾ ഈ രംഗത്ത് നിസ്തുല മാതൃകയാണ്. അതിനാൽ അവർക്ക് സാമ്പത്തിക രംഗത്തെ ചോദ്യങ്ങൾക്കു മുമ്പിൽ കാലിടറുകയില്ല.

വിജ്ഞാനം കൊണ്ട് എന്തു ചെയ്തു എന്ന ചോദ്യത്തിനു മുമ്പിലും പ്രവാചകന്റെ ആദ്യകാല അനുചരന്മാർക്ക് അനായാസം മറുപടി പറയാനാകും. പ്രവാചകനിൽ നിന്ന് അത്യുത്സാഹത്തോടെ, പ്രവാചകന്റെ ഒരു സദസ്സിലെ പഠനവും നഷ്ടപ്പെടാതിരിക്കാൻ ജോലിക്ക് പോകുന്നതിൽ പോലും പരസ്പര ധാരണയിലെത്തിയിരുന്നു ചിലരെങ്കിൽ മറ്റു ചിലർ മദീനാ പള്ളിയിൽ മുഴുസമയ പഠിതാക്കളായി വിദ്യ അഭ്യസിക്കുകയായിരുന്നു. ആ വിദ്യയുമായി അവർ വിദൂരനാടുകളിൽ വരെ കടന്നുചെന്ന്, പ്രയാസങ്ങൾ സഹിച്ച് ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു. ഹജ്ജത്തുൽ വിദാഇൽ 'ഇവിടെ ഹാജറുള്ളവർ ഹാജരില്ലാത്തവർക്കെത്തിക്കട്ടെ' എന്ന പ്രവാചകന്റെ പ്രഖ്യാപനം കേട്ടതോടെ മത്സരിച്ചോടി പായ്ക്കപ്പലിൽ കയറിയും അല്ലാതെയും ലോകത്തിന്റെ നാനാഭാഗത്തേക്കും ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങൾക്കായി അവർ ഇറങ്ങിത്തിരിക്കുകയായിരുന്നു. ഹജ്ജത്തുൽ വിദാഇൽനിന്ന് പിരിഞ്ഞുപോയ എൺപതിനായിരത്തിൽ പരം സ്വഹാബികളുടെ ഖബ്റുകൾ വിവിധ നാടുകളിലും ദ്വീപ് സമൂഹങ്ങളിലുമാണെന്നാണറിവ്. നാമോ? വിജ്ഞാനം സമ്പാദന മാർഗം! സമുദായത്തിന്റെ ചെലവിൽ ദീനീവിദ്യ നേടിയവർ പോലും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഇനി സാമ്പത്തിക രംഗത്തെപ്പറ്റിയുള്ള ചോദ്യം! അതിൽ കാലിടറുമോ നമ്മൾ? ഉത്തരം കണ്ടെത്താൻ ഓരോരുത്തരും സ്വയം ചിന്തിക്കുകയാണ് വേണ്ടത്. ●